# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3978** **25/06/2014-ൽ മറുപടിക്ക്**

## കാരുണ്യ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ. പി. സി. ജോർജ്ജ്

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | കാരുണ്യ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം മന്ദീഭവിപ്പിക്കുവാനും ക്രമേണ പ്രവർത്തനം നിർത്തലാക്കുവാനും ശ്രമം നടക്കുന്നുവെന്ന പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | കൂടുതൽ കാരുണ്യ ഔട്ട്‌ലെറ്റുകൾ തുടങ്ങാൻ പദ്ധതിയുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം തുടങ്ങാൻ ഉദ്ദേശിക്കുന്നു ; | (ബി) | കൂടുതൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (സി) | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ വെയർഹൗസുകളിൽ ആവശ്യത്തിന് മരുന്ന് സ്റ്റോക്ക് ചെയ്യാത്തതുമൂലം കാരുണ്യ മെഡിക്കൽ സ്റ്റോറുകളിൽ മരുന്ന് ലഭ്യമാക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷം നിലവിലുണ്ടോ ; | (സി) | ഇല്ല. |
| (ഡി) | സാധാരണക്കാരും പാവപ്പെട്ടവരുമായ രോഗികൾ ആശ്രയിക്കുന്ന കാരുണ്യ മെഡിക്കൽ സ്റ്റോറുകളിൽ ആവശ്യത്തിനുള്ള മരുന്ന് ലഭ്യമാക്കുന്നതിനും കാരുണ്യ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ? | (ഡി) | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ ആവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമാണ്. പ്രവർത്തനം തൃപ്തികരമാണ്. |

സെക്ഷൻ ഓഫീസർ